REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 06-11-2025 സമയം 12.30 PM

## പ്രധാന വാർത്തകൾ

- **ബിഹാറിൽ ഒന്നാം ഘട്ട പോളിംഗ് സമാധാനപരമായി പുരോഗമിക്കുന്നു. രാവിലെ 11 വരെ 27.65 ശതമാനം പോളിംഗ്.**
- **രണ്ട് ദിവസത്തെ സന്ദർശനത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ കുവൈത്തിലെത്തി.**
- **കൊച്ചിയിൽ ഇൻഡസ്ട്രീയൽ ഗാലാ പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി P രാജീവ്.**
- **സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന് നാളെ പാലക്കാട്ട് തുടക്കമാകും.**
- **ഇന്ത്യ- ഓസ്ട്രേലിയ ട്വന്റി 20 ക്രിക്കറ്റ് പരമ്പരയിലെ നാലാം മത്സരം ഉച്ചയ്ക്ക് 1.45ന് ഓസ്ട്രേലിയയിൽ.**

## വാർത്തകൾ വിശദമായി

ബിഹാറിൽ ഒന്നാം ഘട്ട പോളിംഗ് സമാധാനപരമായി പുരോഗമിക്കുന്നു. എല്ലാ ബുത്തുകളിലും കനത്ത സുരക്ഷാ സംവിധാനത്തോട് കൂടിയാണ് വോട്ടെടുപ്പ്. രാവിലെ 11 മണി വരെ 27.65 ശതമാനം പോളിംഗ് രേഖപ്പെടുത്തി. ബൂത്തുകൾക്ക് മുന്നിൽ സമ്മതിദായകരുടെ നീണ്ട നിര ദൃശ്യമാണ്.

മുഖ്യമന്ത്രി നിതീഷ് കുമാർ, ഉപ മുഖ്യമന്ത്രി സാമ്രാട്ട് ചൗധരി, ആർജെഡി നേതാവ് ലാലു പ്രസാദ് യാദവ്, തേജസ്വി യാദവ്, LJP നേതാവ് ചിരാഗ് പാസ്വാൻ ഉൾപ്പെടെ നേതാക്കൾ രാവിലെ തന്നെ വോട്ട് രേഖപ്പെടുത്തി.

ഡെസ്ക് റിപ്പോർട്ട്

...........വോയ്സ്.........

ആദ്യഘട്ടത്തിൽ 122 വനിതകളടക്കം 1,314 സ്ഥാനാർത്ഥികളാണ് ജനവിധി തേടുന്നത്. 3 കോടി 75 ലക്ഷത്തിലധികം വോട്ടർമാർ സമ്മതിദാനാവകാശം വിനിയോഗിക്കും.

45,341 പോളിംഗ് സ്റ്റേഷനുകളിലും വെബ്കാസ്റ്റിംഗ് ഒരുക്കിയിട്ടുണ്ട്. 926 ബൂത്തുകൾ പൂർണമായും വനിതകളാണ് നിയന്ത്രിക്കുന്നത്. കൂടാതെ, ഭിന്നശേഷിക്കാർ നിയന്ത്രിക്കുന്ന 107 ബൂത്തുകളും വോട്ടർമാർക്കായി മെച്ചപ്പെട്ട സൗകര്യങ്ങളോടെ 320 മോഡൽ ബൂത്തുകളും ഒരുക്കിയിട്ടുണ്ട്.

ബിഹാറിൽ നിയമസഭാ തെരഞ്ഞെടുപ്പിന്റെ രണ്ടാംഘട്ട പ്രചാരണവും പുരോഗമിക്കുകയാണ്. NDA-യേയിലേയും മഹാസഖ്യത്തിലേയും മറ്റ് രാഷ്ട്രീയ പാർട്ടികളിലേയും താരപ്രചാരകരും, മുതിർന്ന നേതാക്കളും വിവിധ മണ്ഡലങ്ങളിൽ ഒന്നലധികം തെരഞ്ഞെടുപ്പ് റാലികളെ ഇന്ന് അഭിസംബോധന ചെയ്യും.

മുതിർന്ന BJP നേതാവും ആഭ്യന്തരമന്ത്രിയുമായ അമിത്ഷാ ബിഹാറിൽ രണ്ടാം ഘട്ട പ്രചാരണത്തിന്റെ ഭാഗമായി മധുബനി ജില്ലയിലെ തെരഞ്ഞെടുപ്പ് റാലിയിൽ പങ്കെടുക്കും. മഹാബന്ധൻ സഖ്യത്തിന്റെ മുഖ്യമന്ത്രി സ്ഥാനാർത്ഥി തേജസ്വിയാദവ് മൂന്ന് ജില്ലകളിൽ 18 റാലികളിലും പ്രസംഗിക്കും.

✪✪✪

വന്ദേമാതരത്തിന്റെ 150-ാം വാർഷികത്തോടനുബന്ധിച്ച് ഒരു വർഷം നീളുന്ന അനുസ്മരണ പരിപാടി നാളെ ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്യും. നാളെ മുതൽ അടുത്ത വർഷം നവംബർ ഏഴു വരെ രാജ്യവ്യാപകമായി വിവിധ പരിപാടികൾ സംഘടിപ്പിക്കും.

✪✪✪

രണ്ട് ദിവസത്തെ സന്ദർശനത്തിന് മുഖ്യമന്ത്രി പിണറായി വിജയൻ രാവിലെ കുവൈത്തിലെത്തി. ചീഫ് സെക്രട്ടറി ഡോ. എ. ജയതിലകും മുഖ്യമന്ത്രിക്ക് ഒപ്പമുണ്ട്.

ഇന്ത്യൻ എംബസി, ലോക കേരള സഭ, മലയാളം മിഷൻ പ്രതിനിധികൾ എന്നിവർ ചേർന്ന് മുഖ്യമന്ത്രിയെ സ്വീകരിച്ചു. കുവൈത്തിലെ പ്രമുഖരുമായി മുഖ്യമന്ത്രി ഇന്ന് കൂടിക്കാഴ്ച നടത്തും. നാളെ വൈകീട്ട് മൻസൂരിയ അൽ അറബി സ്പോർട്സ് ക്ലബ് സ്റ്റേഡിയത്തിൽ ഒരുക്കുന്ന സ്വീകരണ പരിപാടിയിൽ കുവൈത്ത് മലയാളികളെ അദ്ദേഹം അഭിസംബോധന ചെയ്യും.

കുവൈത്തിൽ നിന്ന് യു.എ.ഇ-ലേക്ക് തിരിക്കുന്ന മുഖ്യമന്ത്രി ശനിയാഴ്ചയും ഞായറാഴച്ചയും അവിടെ വിവിധ പരിപാടികളിൽ പങ്കെടുക്കും.

ഗൾഫ് പര്യടനത്തിന്റെ ഭാഗമായി ബഹ്റൈൻ, ഒമാൻ, ഖത്തർ എന്നിവിടങ്ങളിൽ മുഖ്യമന്ത്രി അടുത്തിടെ സന്ദർശനം നടത്തിയിരുന്നു.

✪✪✪

ഇന്ത്യ - മൗറീഷ്യസ് ബന്ധം ശക്തിപ്പെടുത്തുന്ന ശ്രമങ്ങളുടെ ഭാഗമായി, നാവിക സേനയുടെ കപ്പലായ INS സാവിത്രി മൗറീഷ്യൻ തലസ്ഥാനമായ പോർട്ട് ലൂയിസിൽ സന്ദർശകർക്കായി തുറന്നുകൊടുത്തു. നാവികസേനയുടെ പ്രവർത്തന ശേഷി, അത്യാധുനിക സാങ്കേതികവിദ്യ, സമ്പന്നമായ പൈതൃകം എന്നിവ പ്രദർശിപ്പിക്കാൻ ഈ അവസരം ഉപകരിച്ചതായി സേന വക്താവ് സമൂഹ മാധ്യമത്തിൽ കുറിച്ചു.

ഈ മാസം ഒന്നിനാണ് കപ്പൽ പോർട്ട് ലൂയിസിൽ എത്തിയത്.

✪✪✪

ലാറ്റിൻ അമേരിക്കൻ രാജ്യമായ ഇക്വഡോർ സന്ദർശിക്കുന്ന കേന്ദ്ര വിദേശകാര്യ സഹമന്ത്രി പബിത്ര മാർഗരിറ്റ, ഇക്വഡോർ വിദേശകാര്യ മന്ത്രി ഗബ്രിയേല സോമർഫെൽഡുമായി കൂടിക്കാഴ്ച നടത്തി. രാഷ്ട്രീയം, വ്യാപാരം, ഫാർമസ്യൂട്ടിക്കൽസ്, പരിശീലനം തുടങ്ങിയ മേഖലകളിലെ സഹകരണം മെച്ചപ്പെടുത്തുന്ന കാര്യം ഇരു നേതാക്കളും ചർച്ച ചെയ്തു.

ഇന്ത്യയിലെയും ഇക്വഡോറിലെയും നയതന്ത്ര പരിശീലന സ്ഥാപനങ്ങൾ തമ്മിലെ സഹകരണത്തിന് ധാരണാപത്രത്തിലും ഒപ്പുവെച്ചു.

✪✪✪

ഇന്ത്യ- ന്യൂസിലാന്റ് സ്വതന്ത്ര വ്യാപാര കരാർ ചർച്ച വ്യാപാരം, നിക്ഷേപം, നവീകരണ ബന്ധങ്ങൾ എന്നിവ വികസിപ്പിക്കുന്നതിന് വഴിയൊരുക്കുമെന്ന് കേന്ദ്രമന്ത്രി പിയുഷ് ഗോയൽ പറഞ്ഞു. ഓക്‌ലാന്റിൽ ന്യൂസിലാന്റ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സണുമായി കൂടിക്കാഴ്ച നടത്തുകയായിരുന്നു അദ്ദേഹം.

✪✪✪

കേന്ദ്ര ആഭ്യന്തര മന്ത്രാലയവും, യുവജനകാര്യ കായിക മന്ത്രാലയവും, മേരാ യുവ ഭാരതും സംയുക്തമായി സംഘടിപ്പിക്കുന്ന 17-ാമത് പട്ടിക വർഗ്ഗ യുവജന വിനിമയ പരിപാടി കോഴിക്കോട്ട് തുടക്കമായി. ഈസ്റ്റ്ഹിൽ 'യൂത്ത് ഹോസ്റ്റലിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ ഉദ്ഘാടനം ചെയ്തു.

ഗോത്രവർഗ യുവജനങ്ങളുടെ ശാക്തീകരണവും സമഗ്ര വികസനവും ലക്ഷ്യമിട്ടാണ് പരിപാടി. ഛത്തീസ്ഗഢ്, ജാർഖണ്ഡ്, മധ്യപ്രദേശ് സംസ്ഥാനങ്ങളിലെ പട്ടിക വർഗ യുവജനങ്ങളാണ് പങ്കെടുക്കുന്നത്.

✪✪✪

ഇന്ത്യ തദ്ദേശീയമായി നിർമ്മിച്ച സർവേ വെസൽ ശ്രേണിയിലെ മൂന്നാമത്തെ കപ്പലായ 'ഇക്ഷക്' ഇന്ന് വൈകിട്ട് ഔദ്യോഗികമായി നാവികസേനയുടെ ഭാഗമാകും. കൊച്ചിയിലെ നാവിക താവളത്തിലെ കമ്മീഷൻ ചെയ്യൽ ചടങ്ങിൽ നാവികസേനാ മേധാവി അഡ്മിറൽ ദിനേശ് K ത്രിപാഠി പങ്കെടുക്കും.

ദക്ഷിണ നാവികാസ്ഥാനത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഇക്ഷക്, രാജ്യത്തിന്റെ ഹൈഡ്രോഗ്രാഫിക് സർവേ ശേഷി വർദ്ധിപ്പിക്കുന്നതിൽ നിർണായക പങ്ക് വഹിക്കും. സംസ്കൃതത്തിൽ 'വഴികാട്ടി' എന്നാണ് ഇക്ഷക് എന്നതിന്റെ അർഥം.

✪✪✪

ഒരു സ്വപ്ന പദ്ധതി എന്ന നിലയിൽ മാത്രമാണ് മെട്രോ റെയിൽ തൃശ്ശൂരിലേക്ക് നീട്ടണമെന്ന് പറഞ്ഞതെന്നും അതിനെ അവഹേളിച്ചവർക്ക് രാഷ്ട്രീയ ലക്ഷ്യമാണ് ഉണ്ടായിരുന്ന തെന്നും കേന്ദ്ര സഹമന്ത്രി സുരേഷ് ഗോപി പറഞ്ഞു. കൊച്ചിയിൽ നിന്നും തൃശൂർ വഴി കടന്നു പോകുന്ന RRTS ലൈൻ പ്രാവർത്തികമാക്കുന്നതിന് ശ്രമം കേന്ദ്ര മന്ത്രിസഭാ തലത്തിൽ നടത്തുന്നുണ്ടെന്നും സംസ്ഥാന ഗവൺമെന്റ് DPR നൽകിയാൽ അത് സാധ്യമാകുമെന്നും സുരേഷ് ഗോപി തൃശൂരിൽ പറഞ്ഞു.

✪✪✪

കൊച്ചിയിൽ ആധുനിക സൗകര്യങ്ങളോട് കൂടിയ വ്യവസായ സൗകര്യത്തിന് വാടകയ്ക്ക് സ്ഥലം ലഭ്യമാക്കുന്ന ഇൻഡസ്ട്രീയൽ ഗാലാ പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി പി രാജീവ് അറിയിച്ചു. നവീന പ്ലാറ്റ് ഫോമുകളിലൂടെ ഉത്പാദനം, അസംബ്ലിംഗ്, അനുബന്ധപ്രവർത്തനങ്ങൾ എന്നിവയ്ക്ക് സാങ്കേതിക സേവന ദാതാക്കളേയും സേവനങ്ങളേയും ഒരേ പ്ലാറ്റ്ഫോമിൽ കൊണ്ടുവരുന്ന പദ്ധതിയായിരിക്കുമിതെന്ന് മന്ത്രി ഫേസ്ബുക്കിൽ കുറിച്ചു.

✪✪✪

പാലക്കാട് തൃത്താല ചാലിശ്ശേരിയിൽ 13-ാമത് ദേശീയ സരസ് മേളയുടെ ലോഗോ മന്ത്രി MB രാജേഷ് പ്രകാശനം ചെയ്തു. വനിതാ കമ്മീഷൻ അധ്യക്ഷ പി സതീദേവിക്ക് നൽകിയാണ് ലോഗോ പ്രകാശിപ്പിച്ചത്.

✪✪✪

തദ്ദേശ ഭരണ സ്ഥാപന പൊതു തിരഞ്ഞെടുപ്പ് ജോലിക്കായി  പോളിംഗ് ഉദ്യോഗസ്ഥരെ ഇ- ഡ്രോപ്പ് പോർട്ടൽ മുഖേന കണ്ടെത്തുന്ന നടപടികൾ കോഴിക്കോട് ജില്ലയിൽ ആരംഭിച്ചു. ജീവനക്കാരുടെ പേരു വിവരം ഇ -ഡ്രോപ്പിൽ അതത് സ്ഥാപനമേധാവികൾ രേഖപ്പെടുത്തുന്ന നടപടി  നാളെ പൂർത്തിയാക്കണമെന്ന്  ജില്ലാ കളക്ടർ നിർദ്ദേശിച്ചു.

തദ്ദേശ  ഭരണ  മേധാവികൾ ഇക്കാര്യം ഉറപ്പാക്കാണമെന്നും കലക്ടർ ആവശ്യപ്പെട്ടു.

✪✪✪

കൺസ്യൂമർ ഫെഡ് ജീവനക്കാരുടെ പ്രൊമോഷനും,  സ്റ്റാഫ്റ്റ് റൂൾസും സംബന്ധിച്ച കാര്യങ്ങളിൽ  മന്ത്രി വി.എൻ. വാസവൻ ജീവനക്കാരുടെ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തി. ഗവൺമെന്റ് നിയോഗിച്ച വിദഗ്ദ്ധ സമിതി പഠനറിപ്പോർട്ട് സമർപ്പിച്ചതിന്റെ  അടിസ്ഥാനത്തിലായിരുന്നു ചർച്ച.

✪✪✪

സംസ്ഥാന സ്കൂൾ ശാസ്ത്രോത്സവത്തിന്  നാളെ പാലക്കാട്ട് തുടക്കമാകും. മന്ത്രി  V ശിവൻകുട്ടി ഉദ്ഘാടനം ചെയ്യും. 14 ജില്ലകളിൽ നിന്നായി 8500-ലധികം ശാസ്ത്ര പ്രതിഭകൾ നാല് ദിവസങ്ങളിലായി സംഘടിപ്പിക്കുന്ന  മത്സരങ്ങളിൽ പങ്കെടുക്കും.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്...

......വോയ്സ്.....

ശാസ്ത്രം, സാമൂഹ്യശാസ്ത്രം, ഗണിതശാസ്ത്രം, ഐ.ടി, പ്രവൃത്തി പരിചയം, വി.എച്ച്.എസ്.സി എക്സ്പോ എന്നിങ്ങനെ ആറ് വിഭാഗങ്ങളിലായാണ് മത്സരങ്ങൾ സംഘടിപ്പിക്കുന്നത്. നഗരത്തിലെ ആറ് വിദ്യാലയങ്ങളിലായാണ് ശാസ്ത്രോത്സവം  നടക്കുക.രജിസ്ട്രേഷൻ നാളെ രാവിലെ പത്ത് മണിക്ക് ഗവ. മോയൻസ് സ്കൂളിൽ ആരംഭിക്കും.ഉദ്ഘാടനം, സമാപനം, , വിനോദ കലാപരിപാടികൾ, ശാസ്ത്ര സെമിനാർ, കരിയർ സെമിനാർ എന്നിവയും ഇവിടെയാണ് നടക്കുക.വിക്ടോറിയ കോളേജ് മൈതാനത്താണ് 1000 പേർക്ക് ഇരിക്കാവുന്ന വിധത്തിൽ  ഊട്ടുപുര ഒരുക്കിയിരിക്കുന്നത്.. കൂടാതെ മത്സരങ്ങൾ നടക്കുന്ന ആറ് വിദ്യാലയങ്ങളിലും ഭക്ഷണം എത്തിക്കും.. അടിയന്തിര സാഹചര്യങ്ങൾ നേരിടാൻ ഓരോ വേദികളിലും ഡോക്ടർമാർ ഉൾപ്പെടുന്ന ഓരോ മെഡിക്കൽ യൂണിറ്റുകൾ സജ്ജീകരിച്ചിട്ടുണ്ട്. എൻ.സി.സി, എസ്.പി.സി, എൻ.എസ്.എസ്, സ്കൗട്ട് ആൻഡ് ഗൈഡ് യൂണിറ്റുകളിലെ  2250 വോളണ്ടിയർമാരുടെ സേവനവും ഉറപ്പാക്കിയിട്ടുണ്ട്.

✪✪✪

തദ്ദേശ ഭരണ സംവിധാന രംഗത്തേക്ക് കൂടുതൽ പ്രൊഫഷണലുകൾ കടന്നു വരണമെന്ന് സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷണർ A ഷാജഹാൻ പറഞ്ഞു. ആകാശവാണി വാർത്ത വിഭാഗം തിരുവനന്തപുരത്ത് സംഘടിപ്പിച്ച ഏകദിന ശില്പശാല ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷന്റെ ഹാൻഡ് ബുക്കും ഷാജഹാൻ ചടങ്ങിൽ പ്രകാശനം ചെയ്തു.

ആകാശവാണി വാർത്ത വിഭാഗം എഡിറ്റർമാരും ജില്ലാ പ്രതിനിധികളും വാർത്ത അവതാരകരുമാണ് ശില്പശാലയിൽ പങ്കെടുക്കുന്നത്. PIB ADG വി. പളനിചാമി ശില്പശാലയിൽ അധ്യക്ഷനായിരുന്നു.

✪✪✪

സ്വർണ വില ഉയർന്നു. പവന് 320 രൂപ വർധിച്ച് 89,400 രൂപയായി. 11,175 രൂപയാണ് ഇന്നത്തെ ഗ്രാംവില.

✪✪✪

ഇന്ത്യ- ഓസ്ട്രേലിയ ട്വന്റി 20 ക്രിക്കറ്റ് അഞ്ചു മത്സര പരമ്പരയിലെ നാലാം മത്സരം ഉച്ചയ്ക്ക് 1.45ന് ഓസ്ട്രേലിയയിൽ തുടങ്ങും. ക്വീൻസ്ലാൻഡിലെ കരാര സ്റ്റേഡിയത്തിലാണ് മത്സരം.

ഇരു ടീമുകളും പരമ്പരയിൽ ഓരോ മത്സരം വീതം വിജയിച്ചിട്ടുണ്ട്. ഫൈനൽ മത്സരം ഈ മാസം എട്ടിന് ബ്രിസ്ബണിലാണ്.

✪✪✪

സൂപ്പർ കപ്പ് ഫുട്ബോൾ ഗ്രൂപ്പ് D-യിൽ ഇന്ന് കേരള ബ്ലാസ്റ്റേഴ്സ്, മുംബൈ സിറ്റി FC-യുമായി ഏറ്റുമുട്ടും. ഗോവ ഫറ്റോർദ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ രാത്രി ഏഴരക്കാണ് മത്സരം.

✪✪✪

ഏഴിമല ഇന്ത്യൻ നാവിക അക്കാദമി ദേശീയതലത്തിൽ സംഘടിപ്പിച്ച തിങ്ക് 2025 -ക്വിസ് മത്സരത്തിൽ ജയ്പൂർ ജയശ്രീ പെരിവാൾ ഹൈസ്കൂൾ ഒന്നാം സ്ഥാനം നേടി. സമസ്തിപൂർ ജവഹർ നവോദയ വിദ്യാലയത്തിനാണ് രണ്ടാം സ്ഥാനം. രാജ്യത്തെ തെരഞ്ഞെടുത്ത 16 സ്കൂളുകളിലെ വിദ്യാർത്ഥികളാണ് മത്സരത്തിൽ പങ്കെടുത്തത്.

നാവികസേന മേധാവി അഡ്മിറൽ ദിനേശ് K ത്രിപാഠി മുഖ്യാതിഥിയായി പങ്കെടുത്തു.

✪✪✪

പൊന്നാനിയിൽ കടലാക്രമണത്തിൽ ഏഴ് മത്സ്യബന്ധന വള്ളങ്ങൾ തകർന്നു. 15 ലക്ഷം രൂപയുടെ നഷ്ടമുണ്ടായതായി കണക്കാക്കുന്നു.

✪✪✪

അന്താരാഷ്ട്ര പ്രകൃതി സംരക്ഷണ സമിതി IUCN പ്രകൃതിദത്ത ലോക പൈതൃക സ്ഥലങ്ങളുടെ പട്ടികയിൽ ഇന്ത്യയിലെ കാഞ്ചൻജംഗ ദേശീയോദ്യോനം ഇടം നേടി. യുനസ്കോ അംഗീകരിച്ച ഇന്ത്യയിലെ ആദ്യത്തെ മിക്സഡ് ലോക പൈതൃക സ്ഥലമാണ് കാഞ്ചൻജംഗ.

✪✪✪

കണ്ണൂർ സർവ്വകലാശാല മഞ്ചേശ്വരം ക്യാമ്പസിൽ സ്ഥിതി ചെയ്യുന്ന സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസിനായി MLA ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച കെട്ടിടം രാജ്മോഹൻ ഉണ്ണിത്താൻ എം.പി ഉദ്ഘാടനം ചെയ്തു. എ.കെ.എം അഷറഫ് എം.എൽ.എ യുടെ ആസ്തി വികസന സ്കീമിൽ ഉൾപ്പെടുത്തി 51 ലക്ഷം രൂപ ചെലവിലാണ് കെട്ടിടം നിർമ്മിച്ചത്.

ത്രിവത്സര എൽ.എൽ.ബി, എൽ.എൽ.എം എന്നീ കോഴ്സുകളിലായി നൂറോളം വിദ്യാർത്ഥികൾ പഠനം നടത്തുന്ന ജില്ലയിലെ ആദ്യത്തെ നിയമ പഠന കേന്ദ്രമാണ് മഞ്ചേശ്വരം സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്.

✪✪✪

News Editor: വി കെ സുരേഷ്
News Reader: സയ്യിദ് അലി ശിഹാബ്
NRTs: ഫസ്ന ഫാത്തിമ
DEO: സി കെ സുബോധ്